"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

നമ്പർ. ഡി2/379/2025-തൊഴിൽ 06-11-2025,തിരുവനന്തപുരം

സ്പെഷ്യൽ സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, KASE, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, ODEPC, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ്, പുനലൂർ

എക്സിക്യൂട്ടീവ് ഡയറക്ടർ, KILE, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, CHIAK, തിരുവനന്തപുരം

ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, ഭവനം ഫൗണ്ടേഷൻ കേരള, തിരുവനന്തപുരം

സർ,

വിഷയം:- തൊഴിലും നൈപുണ്യവും വകുപ്പ് - സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും - ഘട്ടം 4 ഉം ഘട്ടം 5 ഉം ആയിട്ടുള്ള ക്രോണിക് കിഡ്നി ഡിസീസ് (CKD) ബാധിതരായ സർക്കാർ ജീവനക്കാർക്ക് പൊതുസ്ഥലംമാറ്റത്തിൽ പ്രത്യേക പരിഗണന നൽകിയുള്ള ഉത്തരവ് - സംബന്ധിച്ച്

സൂചന:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ട്രെയിനിംഗ്-ബി) വകുപ്പിന്റെ 31.10.2025 ലെ സ.ഉ.(കൈ) നം. 20/2025/P&ARD നമ്പർ ഉത്തരവ്

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ ഖണ്ഡിക 4 (i) ന്റെ പരിഷ്കരിച്ച മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള സൂചന ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും തുടർനടപടികൾക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

ലിയാ ലത്തീഫ് എ

അണ്ടർ സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

പകർപ്പ് :- തൊഴിലും നൈപുണ്യവും വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

31 OCT 2025

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും - ഘട്ടം 4 ഉം ഘട്ടം 5 ഉം ആയിട്ടുള്ള ക്രോണിക് കിഡ്നി ഡിസീസ് (CKD) ബാധിതരായ സർക്കാർ ജീവനക്കാർക്ക് പൊതുസ്ഥലം മാറ്റത്തിൽ പ്രത്യേക പരിഗണന നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉദ്യോഗസ്ഥഭരണപരിഷ്കാര (ട്രെയിനിംഗ് - ബി) വകുപ്പ്

സ.ഉ.(കൈ) നം.20/2025/P&ARD തീയതി,തിരുവനന്തപുരം, 31-10-2025

പരാമർശം:- 1. 25.02.2017 ലെ സ.ഉ(പി) നം. 3/2017/ഉഭപവ

2. 01.04.2025 ൽ ശ്രീ. അഭിലാഷ് എസ്,റവന്യൂ ഇൻസ്പെക്ടർ, പി. എ.ആർ (ഇറിഗേഷൻ),പാലക്കാട് സമർപ്പിച്ച നിവേദനം.

ഉത്തരവ്

സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പരാമർശം (1) പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 4 ( i ) ൽ ഗുരുതരമായ ഏതെങ്കിലും അസുഖമോ (ഗുരുതരമായ അസുഖങ്ങൾ എന്നത് ഗുരുതരമായ രോഗങ്ങളായ ക്യാൻസർ, ഹൃദ്രോഗം, പക്ഷാഘാതം എന്നിവയും കരൾ, വൃക്ക എന്നിവ ദാനം ചെയ്തവർ, അവയവം മാറ്റിവയ്ക്കലിന് വിധേയരായവർ) അപകടമോ മൂലം ഒരു ജീവനക്കാരന് സ്ഥായിയായ അവശത സംഭവിക്കുകയും ആയത് മൂലം ജീവനക്കാരന് പരസഹായത്തിനായി ആശ്രയിക്കേണ്ടതായി വരുകയും ചെയ്യുമ്പോൾ പൊതു സ്ഥലം മാറ്റത്തിൽ അനുകമ്പാർഹമായ കാരണങ്ങളാൽ പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്.

ശ്രീ. അഭിലാഷ് എസ്. ക്രോണിക് കിഡ്നി ഡിസീസ് ബാധിച്ച സർക്കാർ ജീവനക്കാർക്ക് അവരുടെ പൊതുസ്ഥലംമാറ്റത്തിൽ പരിഗണിക്കുന്നതിനായി വൃക്ക രോഗികൾക്ക് ആശ്വാസമാകും വിധം ടി രോഗത്തെ ഗുരുതര രോഗമായി കണക്കാക്കുവാൻ ആവശ്യമായ നടപടികൾ ഉണ്ടാകണമെന്ന്പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. പരാതിയിൽ പരാമർശിക്കുന്ന രോഗത്തിന്റെ സങ്കീർണ്ണാവസ്ഥ കണക്കിലെടുത്ത് പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 4(i) ആയ ഗുരുതരമായ രോഗങ്ങൾക്കൊപ്പം ഘട്ടം 4 ഉം ഘട്ടം 5 ഉം ആയിട്ടുള്ള ക്രോണിക് കിഡ്നി ഡിസീസ് (CKD) കൂടി നിലവിലുള്ള പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം സ്ഥലംമാറ്റത്തിനുള്ള അനുകമ്പാർഹമായ കാരണമായി കണക്കാക്കാവുന്നതാണ് എന്ന് ഉൾപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം (1) ലെ ഉത്തരവ് മേൽപറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്ക്/പ്രിൻസിപ്പൽ സെക്രട്ടറിമാർക്ക്/ സെക്രട്ടറിമാർക്ക് /സ്പെഷ്യൽ സെക്രട്ടറിമാർക്ക്/സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെയുള്ളഎല്ലാ ഓഫീസർമാർക്കും ,എല്ലാ വകുപ്പമേധാവികൾക്കും ഓഫീസുകൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും
രജിസ്ട്രാർ,കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി/ശ്രീ.ശങ്കരാചാര്യസംസ്കൃത സർവ്വകലാശാല
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം.

രജിസ്ട്രാർ ,കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ,തിരുവനന്തപുരം.
മാനേജിങ് ഡയറക്ടർ,കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല,മണ്ണുത്തി
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്,തിരുവനന്തപുരം

മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും പത്രമാധ്യമങ്ങൾക്ക് നൽകുന്നതിനുമായി)

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (02-08-2025 ലെ HEALTH -G2/576/HEALTH പ്രകാരം )

നോഡൽ ഓഫീസർ, ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് (www.pard.kerala.gov.in എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ആഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by Aravind .c.m
Date: 31-10-2025 11:44:01
സെക്ഷൻ ഓഫീസർ

മേലെഴുത്ത് കത്ത് : ഡിറ്റി/**621/2025 - എ5** തീയതി : **14-11-2025**

ഘട്ടം **4** ഉം ഘട്ടം **5** ഉം ആയിട്ടുള്ള ക്രോണിക് കിഡ്നി ഡിസീസ് **(CKD)** ബാധിതരായ സർക്കാർ ജീവനക്കാർക്ക് പൊതുസ്ഥലംമാറ്റത്തിൽ പ്രത്യേക പരിഗണന നൽകിയുള്ള മേൽ ഉത്തരവ് അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി ഇതോടൊപ്പം അയക്കുന്നു.

**Shammi Baker A, JD DTTVM, O/O JD DTTVPM**

Signed by
Shammi Baker A
Date: 14-11-2025 20:34:15

സ്വീകർത്താവ്,

എല്ലാ സ്ഥാപന മേധാവികൾക്കും
(വകുപ്പ് വെബ്സൈറ്റ് മുഖേനെ)